പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4333** **25.06.2019-ൽ മറുപടിയ്ക്ക്**

# പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീമതി. സി.കെ. ആശ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലം കണ്ടുവെന്ന് അറിയിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമതയുള്ള താക്കി മാറ്റുന്നതിന് അനേകം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിസൈൻ വിഭാഗത്തിനെയും, ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെയും ശാക്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പദ്ധതികളുടെ രൂപകൽപ്പനയിലും, നടത്തിപ്പിലും വേഗതയും, സുതാര്യതയും ഏറെ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ജീവനക്കാരുടെ അഭാവവും, ലഭ്യത കുറവും പരിഹരിച്ചതിലൂടെ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനുള്ള സാഹചര്യം ആയിട്ടുണ്ട്. പരിശീലന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നവീന നിർമ്മാണ രീതികളും അടിസ്ഥാന കാര്യങ്ങളിൽ ഉള്ള അറിവും ലഭ്യമാക്കാൻ വളരെയധികം അനുകൂലമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. ആധുനിക ഗുണ നിലവാര പരിശോധന ഉപകരണങ്ങൾ ലഭ്യമാക്കി യിരിക്കുന്നതിനാൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളിൽ കൂടുതൽ കൃത്യതയും, വ്യക്തതയും, ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ Social Auditing നടപ്പിലാക്കിയതോടുകൂടി സുതാര്യത വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നടപ്പിലാക്കിയതോടെ പ്രവൃത്തികളുടെ മേൽനോട്ടം മുൻപത്തേക്കാൾ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ |

സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | മരാമത്ത് പണികളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.1/2018/പി.ഡബ്ല്യു.ഡി, തീയതി 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിംഗിനെ ശക്തിപ്പെടുത്തി പാലാരിവട്ടം പാലം നിർമ്മാണത്തിൽ വന്ന പാകപ്പിഴകൾ പോലെയുള്ള സംഭവങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിക്കും. പാലാരിവട്ടം പാലത്തിനോട് അനുബന്ധിച്ചുണ്ടായ കാര്യങ്ങൾ അറിയുന്നതിന് മുൻപ് തന്നെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഈ സംവിധാനങ്ങൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | പരിസ്ഥിതിക്ക് കൂടുതൽ ആഘാതമുണ്ടാക്കാത്തതും പ്രളയവും മഴയും തരണം ചെയ്യുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിൽ പ്രളയവും, മഴയും തരണം ചെയ്യുന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | സൈൻ ബോർഡ്, സിഗ്നൽ ലൈറ്റുകൾ, ക്രാഷ് ബാരിയറുകൾ, റിഫ്ലക്റ്ററുകൾ എന്നിവ സംസ്ഥാനത്തെ എല്ലാ റോഡുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സൈൻ ബോർഡ്, ക്രാഷ് ബാരിയറുകൾ, റിഫ്ളക്റ്ററുകൾ എന്നിവ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിക്കാനുള്ള നടപടികൾ കൈകൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ